# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.04.2025**

## പ്രധാനവാർത്തകൾ

1) ജമ്മു കശ്മീരിൽ ഭീകരാക്രമണത്തിൽ നിരവധി വിനോദസഞ്ചാരികൾ കൊല്ലപ്പെട്ടതിനെത്തുടർന്ന് സൗദി സന്ദർശനം വെട്ടിച്ചുരുക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെത്തി. മുതിർന്ന ഉദ്യോഗസ്ഥരുമായി സ്ഥിതിഗതികൾ ചർച്ച ചെയ്തു.

2) ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പഹൽഗാമിൽ ഭീകരാക്രമണം നടന്ന സ്ഥലം സന്ദർശിക്കുന്നു.

3) ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എറണാകുളം സ്വദേശി രാമചന്ദ്രന്റെ ഭൗതിക ദേഹം വൈകുന്നേരത്തോടെ വീട്ടിലെത്തിക്കും. ശ്രീനഗറിൽ മലയാളികൾ സുരക്ഷിതരാണെന്ന് നോർക്ക.

4) ജമ്മുകശ്മീരിലെ ബാരാമുള്ളയിൽ നുഴഞ്ഞുകയറ്റ ശ്രമം ചെറുത്ത് സൈന്യം. രണ്ട് ഭീകരെ വധിച്ചു.

5) കേരളാ സിലബസ് സ്കൂളുകളിലെ ഒന്നുമുതൽ ഒമ്പതുവരെ ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന് തുടക്കം.

6) കോട്ടയം തിരുവാതുക്കലിൽ വ്യവസായിയെയും ഭാര്യയെയും കൊലപ്പെടുത്തിയ കേസിൽ പ്രതി അസം സ്വദേശിയെ അറസ്റ്റ് ചെയ്തു.

RNU TVPM

*********************************

## കശ്മീർ-ജനറൽ

ജമ്മു കശ്മീരിലെ പഹൽഗാമിൽ ഇന്നലെ ഭീകരാക്രമണത്തിൽ നിരവധി വിനോദസഞ്ചാരികൾ കൊല്ലപ്പെട്ടതിനെത്തുടർന്ന് സൗദി സന്ദർശനം വെട്ടിച്ചുരുക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലെത്തി. ഡൽഹിയിൽ എത്തിയ പ്രധാനമന്ത്രി വിമാനത്താവളത്തിൽവച്ചുതന്നെ മുതിർന്ന ഉദ്യോഗസ്ഥരുമായി സ്ഥിതിഗതികൾ ചർച്ച ചെയ്തു. ഭീകരാക്രമണത്തിൽ ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ച് ലോകരാഷ്ട്രങ്ങൾ രംഗത്തെത്തി. നോർത്തേൺ ആർമി കമാൻഡർ ലെഫ്റ്റനന്റ് ജനറൽ എംവി സുചേന്ദ്ര കുമാർ ഇന്ന് ശ്രീനഗറിലെത്തും. താഴ്വരയിലെ നിലവിലെ സുരക്ഷാ സാഹചര്യത്തെക്കുറിച്ച് പ്രാദേശിക കമാൻഡർമാർ അദ്ദേഹത്തെ ധരിപ്പിക്കും. ദേശീയ അന്വേഷണ ഏജൻസിയും ശ്രീനഗറിൽ എത്തി. മേഖലയിൽ സൈന്യവും, സിആർപിഎഫും, ജമ്മു കശ്മീർ പോലീസും സംയുക്തമായി തെരച്ചിൽ നടത്തുന്നു. കൊല്ലപ്പെട്ടവരുടെ അന്തിമ കണക്കുകൾ ശേഖരിച്ചു വരികയാണെന്ന് ഉന്നത സുരക്ഷാ വൃത്തങ്ങൾ അറിയിച്ചു. രണ്ട് വിദേശികൾ ഉൾപ്പെടെ 26 പേർ കൊല്ലപ്പെട്ടെന്ന് പിടിഐ അടക്കമുള്ള വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്ക് ജമ്മു കശ്മീർ സർക്കാർ 10 ലക്ഷം രൂപ സഹായധനം പ്രഖ്യാപിച്ചു.

RNUTVPM

*******************************

## ജമ്മുകശ്മീർ- അമിത് ഷാ

ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ശ്രീനഗറിൽ ആശുപത്രിയിൽ ചികിത്സയിലുള്ളവരേയും അദ്ദേഹം സന്ദർശിച്ചു. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയ്ക്കൊപ്പം കേന്ദ്ര ആഭ്യന്തര മന്ത്രി ഭീകരാക്രമണം നടന്ന സ്ഥലം സന്ദർശിക്കുന്നു. അതേസമയം, ലോക്സഭാ പ്രതിപക്ഷ നേതാവ്

രാഹുൽഗാന്ധിയും കോൺഗ്രസ് പ്രസിഡൻറ് മല്ലികാർജുൻ ഖാർഗെയും കേന്ദ്രമന്ത്രി അമിത് ഷായെ ടെലഫോണിൽ ബന്ധപ്പെട്ട് ഭീകരെ അടിച്ചമർത്തുന്നതിന് പൂർണ പിന്തുണ പ്രഖ്യാപിച്ചു. വിനോദ സഞ്ചാരികൾക്കെതിരായ ഭീകരാക്രമണത്തിൽ പ്രതിഷേധിച്ച് കശ്മീർ താഴ്വരയിൽ സ്ഥലവാസികൾ ബന്ദ് ആചരിക്കുന്നു.

*******************************

## നോർക്ക സിഇഒ (ഇൻട്രോ

പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എറണാകുളം സ്വദേശി രാമചന്ദ്രന്റെ ഭൗതിക ദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതായും വൈകുന്നേരത്തോടെ വീട്ടിലെത്തിക്കുമെന്നും നോർക്കാ റൂട്ട്സ്, സിഇഒ അജിത് കോളശേരി. എംഎൽഎമാർ, ഹൈക്കോടതി ജഡ്ജികൾ ഉൾപ്പെടെ ശ്രീനഗറിൽ ഉള്ള മലയാളികളെല്ലാം സുരക്ഷിതരാണെന്നും അദ്ദേഹം പറഞ്ഞു. നോർക്ക ഹെൽപ് ഡസ്കിൽ ഇതിനകം 262 മലയാളികൾ രജിസ്റ്റർ ചെയ്തതായും ശ്രീ.അജിത് കോളശേരി ആകാശവാണി വാർത്തകളോട് പറഞ്ഞു.

RNU TVPM

(ഹോൾഡ് വോയ്സ്..................)

*******************************

## വിനയ് നിർവാൾ- ത്രിപാഠി

പഹൽഗാം ഭീകരാക്രമണത്തിൽ കൊച്ചിയിലെ നാവികസേന ഉദ്യോഗസ്ഥനായ വിനയ് നിർവാൾ കൊല്ലപ്പെട്ടതിൽ ദുഃഖം രേഖപ്പെടുത്തി അഡ്മിറൽ ദിനേഷ് കെ ത്രിപാഠി. സംഭവം ഞെട്ടലുളവാക്കുന്നതാണെന്നും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായും അദ്ദേഹം അറിയിച്ചു.

*******************************

## ഭീകരാക്രമണം- ഹെൽപ്ഡെസ്ക്

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ വിനോദ യാത്രികർക്കായി ജമ്മു കാശ്മീർ സർക്കാർ അടിയന്തര ഹെൽപ് ഡെസ്ക്കുകൾ ഒരുക്കി. വിനോദയാത്രികർക്ക് വിവരങ്ങൾക്കും സഹായത്തിനും 01 93 22 22 33 7 എന്ന നമ്പരിൽ ബന്ധപ്പെടാം. 96 97 98 25 27 എന്ന നമ്പരിലും സഹായം തേടാം. ശ്രീനഗറിലും എമർജൻസി കൺട്രോൾ റൂം തുറന്നു. നമ്പർ- 01 94 24 57 54 3

*******************************

## പ്രത്യേക വിമാനം

ഭീകരാക്രമണ പശ്ചാത്തലത്തിൽ എയർ ഇന്ത്യയും ഇൻഡിഗോയും ശ്രീനഗറിൽ നിന്ന് പ്രത്യേക വിമാന സർവീസ് നടത്തും. ശ്രീനഗറിൽ നിന്നും മുംബൈയിലേക്കും ഡൽഹിയിലേക്കും സർവീസ് ഉണ്ടാകും.

*******************************

## ഭീകരർ കൊല്ലപ്പെട്ടു

ജമ്മുകശ്മീരിലെ ബാരമുള്ളയിൽ ആയുധങ്ങളുമായി നുഴഞ്ഞ് കയറാൻ ശ്രമിച്ച രണ്ട് ഭീകരെ സൈന്യം വധിച്ചു. ഇവരിൽ നിന്ന് തോക്കുകളും മറ്റ് ആയുധങ്ങളും കണ്ടെടുത്തെന്ന് സേനാ വക്താവ് അറിയിച്ചു.

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************

RNU TVPM

## പാഠപുസ്തകങ്ങളുടെ വിതരണോദ്ഘാടനം

കേരളസിലബസ് സ്കൂളുകളിലെ ഒന്നുമുതൽ ഒമ്പതുവരെ ക്ലാസുകളിലെ 2025-26 അധ്യയന വർഷത്തെ പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിതരണത്തിന് തുടക്കമായി. വിതരണോദ്ഘാടന ചടങ്ങ് തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നടക്കുന്നു. എല്ലാ ക്ലാസുകളിലുമായി 3.8 കോടി പുസ്തകമാണ് ഇതുവരെ അച്ചടിച്ചത്. എട്ടാം ക്ലാസ് വരെ കുട്ടികൾക്ക് പുസ്തകം സൗജന്യമാണ്.

*******************************

## മാളവിക ജി നായർ (ഇൻട്രോ)

ഒരു വലിയ യാത്ര സഫലമായതിന്റെ സന്തോഷത്തിലാണ് സിവിൽ സർവീസ് പരീക്ഷയിൽ 45 -ാം റാങ്കുകാരി മാളവിക ജി നായർ. ഒരു പാട് വെല്ലുവിളികൾ ഉണ്ടായിരുന്നു. അതിനെ മറികടന്നാണ് ലക്ഷ്യത്തിലെത്തിയത് എന്ന് തിരുവല്ല സ്വദേശിയായ മാളവിക ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

RNU TVPM

*******************************

## പ്രവേശന പരീക്ഷ

2025--26 അധ്യയന വർഷത്തെ എൻജിനിയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയ്ക്ക് ഇന്ന് തുടക്കം. എൻജിനിയറിങ് പരീക്ഷ ഇന്ന് ഉച്ചയ്ക്കുശേഷം രണ്ടുമുതൽ വൈകിട്ട് അഞ്ചുവരെ നടക്കും. ഫാർമസി പരീക്ഷ നാളെ തുടങ്ങും.

*******************************

## വന്യജീവി ആക്രമണം-പാലക്കാട് (ഇൻട്രോ)

വനമേഖലകളിൽ മാത്രം കണ്ടിരുന്ന കാട്ടുപന്നികളുടെ സാന്നിധ്യം പട്ടണങ്ങളിൽ വരെ എത്തിയത് ഗൗരവമായി കാണണമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. പാലക്കാട് ജില്ലയിലെ മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ - ജില്ലാതല നിയന്ത്രണ സമിതി അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

*******************************

## കാതോലിക്കാ ബാവ

ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ കർദിനാൾ ബസേലിയോസ് മാർ ക്ലിമിസ് കാതോലിക്കാ ബാവ റോമിലേക്കു തിരിച്ചു. ശനിയാഴ്ച നടക്കുന്ന സംസ്കാര ശുശ്രൂഷകളിൽ പങ്കെടുക്കുന്ന അദ്ദേഹം പുതിയ പോപ്പിനെ തിരഞ്ഞെടുക്കാനുള്ള കർദിനാൾമാരുടെ കോൺക്ലേവിലും സംബന്ധിക്കും.

*******************************

## വേവ്സ് ഉച്ചകോടി -കണ്ണൂർ (ഇൻട്രോ)

WAVES ഉച്ചകോടിയിൽ പങ്കെടുക്കാനായതിൻറെ സന്തോഷത്തിലാണ് കണ്ണൂർ പയ്യന്നൂരിൽ ജനിച്ചു വളർന്ന നന്ദൻ. **ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയ്സ്)

*******************************

RNU TVPM

## കൊലപാതകം-കോട്ടയം

കോട്ടയം തിരുവാതുക്കൽ വ്യവസായിയെയും ഭാര്യയെയും കൊലപ്പെടുത്തിയ കേസിൽ പ്രതി അസം സ്വദേശി അമിത് ഒറാങ്ങിനെ അറസ്റ്റുചെയ്തു. തൃശ്ശൂർ മാളയിൽനിന്നാണ് പ്രതിയെ പിടികൂടിയത്.

*****************************************

## സഹകരണ എക്സ്പോ

സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പ് തിരുവനന്തപുരം കനകക്കുന്നിൽ പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് എക്സ്പോ.

*****************************************

## എ.കെ.ജി സെൻറർ-ഉദ്ഘാടനം

സിപിഐ എം സംസ്ഥാന കമ്മിറ്റി ഓഫീസിനായി നിർമിച്ച എ കെ ജി സെന്റർ ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരത്ത് നിലവിൽ സംസ്ഥാന കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുന്ന എ കെ ജി സ്മാരക പഠനഗവേഷണ കേന്ദ്രത്തിനു സമീപം ഡോ. എൻ എസ് വാര്യർ റോഡിലാണ് പുതിയ മന്ദിരം.

*****************************************

## സിപിഐ - യോഗം

സി.പി.ഐ ദേശീയ എക്സിക്യൂട്ടീവ് യോഗത്തിന് തിരുവനന്തപുരത്ത് തുടക്കമായി. ദേശീയ കൗൺസിൽ യോഗം നാളെയും മറ്റന്നാളും നടക്കും. എം.എൻ.സ്മാരകത്തിലാണ് യോഗം.

*****************************************

RNU TVPM

## ഓഹരി /സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്ഡ് 479 പോയിന്റ് നേട്ടത്തിൽ 80,041 ലും. ദേശീയ ഓഹരി സൂചിക നിഫ്റ്റി 123 പോയിന്റ് ഉയർന്നു 24,302 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 275 രൂപ കുറഞ്ഞ് 9,015 രൂപയും, പവന് 2,200 രൂപ താഴ്ന്ന് 72,120 രൂപയുമാണ് ഇന്നത്തെ വില.

*******************************

## മഴ

സംസ്ഥാനത്ത് ശനിയാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത. മണിക്കൂറിൽ 30 മുതൽ 40 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കന്യാകുമാരി തീരത്ത് ഇന്ന് വൈകിട്ട് 5.30 വരെ ഒരു മീറ്റർ ഉയരത്തിലുള്ള തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

**************************************************************************************
***********

RNU TVPM